
# 1957നു ശേഷമുള്ള കേരളം നേട്ടവും പാഠവും



● എം എ ബേബി

ഐക്യകേരളത്തിലെ ആദ്യസർക്കാർ രൂപീകരിച്ചിട്ട് ആറുപതിറ്റാണ്ടായിരിക്കുന്നു. അന്നുമുതൽ തെരഞ്ഞെടുപ്പുകളിൽ വിജയിച്ചും പരാജയപ്പെട്ടും കേരളത്തിലെ കമ്യൂണിസ്റ്റുകാർ പ്രവർത്തിക്കുന്നു. കേരളത്തിനും കമ്യൂണിസ്റ്റുകാർക്കും ഈ ആറുപതിറ്റാണ്ട് നൽകിയ നേട്ടവും പാഠവുമെന്താണ്?

സഖാവ് ഇ എം എസ് എഴുതി, 1957 ഏപ്രിൽ അഞ്ചിന് കേരളത്തിൽ കമ്യൂണിസ്റ്റ് സർക്കാർ രൂപീകരിക്കപ്പെട്ടു. ഇത് ഒരു പുതിയ പരീക്ഷണമായി ഇന്ത്യയിലും ലോകത്താകെയും വിശേഷിപ്പിക്കപ്പെട്ടു. മുമ്പൊരിക്കലും കമ്യൂണിസ്റ്റ് പാർടി തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്നിട്ടില്ലെന്നും പ്രഖ്യാപിക്കപ്പെട്ടു... ലോകത്തിലൊന്നാമത്തെ തെരഞ്ഞെടുക്കപ്പെട്ട കമ്യൂണിസ്റ്റ് സർക്കാരിനെ 1959 ജൂലൈ 31ന് ഇന്ത്യാ ഗവൺമെന്റ് പിരിച്ചുവിട്ടു. ജനാഭിലാഷം സ്ഥാപിക്കൽ എന്നാണ് സ്ഥാപിതതാൽപ്പര്യക്കാർ ഈ പിരിച്ചുവിടൽ നടപടിയെ വിശേഷിപ്പിച്ചതെങ്കിലും ഇന്ത്യാ ഗവൺമെന്റിന്റെ നടപടി ധാർമികമായും ഭരണഘടനാപരമായും തെറ്റായിരുന്നുവെന്ന് വിവേകശാലികളായ നിരീക്ഷകർക്കറിയാമായിരുന്നു. (കേരളത്തിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനം ഉത്ഭവവും വളർച്ചയും, അധ്യായം 33.)

### 1957 ആധുനിക കേരളത്തിന്റെ സൃഷ്ടി

കമ്യൂണിസമോ സോഷ്യലിസമോ കേരളത്തിൽ ഉടൻ നടപ്പാക്കുക എന്ന ലക്ഷ്യമല്ല 1957ലെ സർക്കാരിനുള്ളതെന്നും സ്വാതന്ത്ര്യസമരകാലത്ത് കോൺഗ്രസ് പ്രഖ്യാപിച്ചതും പിന്നീട് അവഗണിച്ചതുമായ പരിപാടികൾ നടപ്പാക്കലാണ് തങ്ങളുടെ പരിപാടി എന്നും ഇ എം എസ് വ്യക്തമാക്കിയിരുന്നു. അവയിൽ ഏറ്റവും പ്രധാനം ഭൂബന്ധത്തിലെ പരിഷ്കരണമായിരുന്നു. ഏപ്രിൽ അഞ്ചിന് അധികാരമേറ്റ മന്ത്രിസഭ ആറുദിവസത്തിനകം അതായത്, ഏപ്രിൽ 11ന്, എല്ലാവിധ കുടിയാന്മാർക്കും ഒഴിപ്പിക്കലിൽനിന്ന് സംരക്ഷണം നൽകുന്ന ഓർഡിനൻസ് പുറപ്പെടുവിച്ചു. പിൽക്കാല കേരളസമൂഹത്തെ നിർണയിക്കുന്നതിൽ സുപ്രധാന പങ്ക് വഹിച്ച നടപടിയാണിത്. കാർഷികപരിഷ്കരണ നിയമം കേരളത്തിലെ ഫ്യൂഡലിസത്തെ നിയമപരമായി അവസാനിപ്പിച്ചു.

അന്നത്തെ കേരളത്തിലെ വിദ്യാഭ്യാസമേഖല അധ്യാപകരെയും വിദ്യാർഥികളെയും ചൂഷണം ചെയ്യുന്നതും ആധുനിക വിദ്യാഭ്യാസ വളർച്ചയ്ക്ക് ഒരു തടസ്സവുമായിരുന്നു. ഇവയുടെ നടത്തിപ്പ് ക്രമപ്പെടുത്തുന്നതിനായി വിദ്യാഭ്യാസ ബിൽ അവതരിപ്പിച്ച് പാസാക്കി. വലിയ എതിർപ്പുകൾ നേരിട്ടെങ്കിലും ഭാവി കേരളത്തിന്റെ വിദ്യാഭ്യാസനയത്തിന്റെ ദിശ നിർണയിക്കുന്നതിൽ ഈ നിയമത്തിന് വലിയ പങ്കുണ്ട്. അന്ന് വിദ്യാലയങ്ങൾ കുറവായിരുന്ന മലബാർപ്രദേശത്ത് സ്വകാര്യമേഖലയിലും പൊതുമേഖലയിലും പുതുതായി വിദ്യാലയങ്ങൾ സ്ഥാപിച്ചത് സാമുദായികമായ അസന്തുലിതാവസ്ഥയ്ക്കും ഒരു പ്രതിവിധി ആയി.

അധികാര വികേന്ദ്രീകരണത്തിനായി സ്വീകരിച്ച നടപടികളാണ് ഈ സർക്കാർ കേരളത്തിന് നൽകിയ ഏറ്റവും പ്രധാന ദിശാസൂചികളിലൊന്ന്. അന്ന് മുഖ്യമന്ത്രി അധ്യക്ഷനായി രൂപീകരിച്ച ഭരണപരിഷ്കാര കമീഷൻ അധികാര വികേന്ദ്രീകരണത്തിനുള്ള ഭാവിപരിപാടികൾക്ക് ഒരു രൂപരേഖ ഉണ്ടാക്കി.

മനുഷ്യാവകാശങ്ങളെക്കുറിച്ചുണ്ടാക്കിയ പുതിയ സമീപനമാണ് 1957ലെ സർക്കാർ കേരളത്തിലുണ്ടാക്കിയ പുതിയൊരു വ്യവസ്ഥ. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലെ പൊലീസും ജയിലും എന്തെങ്കിലും വിധത്തിൽ വ്യത്യസ്തമാണെങ്കിൽ അതിനുള്ള അടിസ്ഥാനമിട്ടത് 1957ലാണ്. പൊലീസിനെ നിർവീര്യമാക്കുന്നു, സെൽ ഭരണം എന്നൊക്കെ എതിരാളികൾ ആക്ഷേപിച്ചെങ്കിലും ബ്രിട്ടീഷ് വാഴ്ചയുടെ സംസ്കാരത്തിൽ നിന്ന് പൊലീസിനെ മാറ്റിയത് വലിയൊരു ജനകീയമുന്നേറ്റമായിരുന്നു. പൊലീസ് മർദനോപകരണമാണെന്ന ആശയം ചോദ്യംചെയ്യപ്പെട്ടു.



ഭരണത്തിനും അധ്യയനത്തിനും മാതൃഭാഷ മാധ്യമമാക്കാൻ ആരംഭിച്ചത് 1957ലെ സർക്കാരാണ്. തൊഴിലാളികൾക്ക് മിനിമം വേതനവും സേവനത്തിന് വ്യവസ്ഥകളും ഉണ്ടാക്കിയതും ഈ സർക്കാർതന്നെയാണ്.

ഇവയെല്ലാമാണ് ആധുനിക കേരളത്തിന് അടിസ്ഥാനമിട്ട നടപടികൾ.

### 1959 കേരളത്തിലെ വിരുദ്ധമുന്നണിയുടെ ഉദയം

1957ലെ സർക്കാരിന്റെ പുരോഗമന നടപടികൾ കേരളത്തിലെ സ്ഥാപിതതാൽപ്പര്യക്കാരെ വിറളിപിടിപ്പിച്ചു. കത്തോലിക്ക സഭയും മറ്റ് ക്രിസ്ത്യൻസഭകളും മുസ്ലിംലീഗും ജനസംഘവും പോലുള്ള വർഗീയകക്ഷികൾ, എസ്എൻഡിപി യോഗം, നായർ സർവീസ് സൊസൈറ്റി പോലുള്ള ജാതിസംഘടനകൾ, ഭൂവുടമകൾ, മുതലാളിമാർ എന്നിവരാണ് ഈ കമ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയിൽ ചേർന്നത്. കേരളത്തിലെ പത്രങ്ങളും ഉദ്യോഗസ്ഥ സംവിധാനവും പൊലീസും ഈ വിരുദ്ധമുന്നണിക്ക് കൂട്ടുനിന്നു. കോൺഗ്രസാണ് ഈ വിരുദ്ധമുന്നണിക്ക് നേതൃത്വം നൽകിയത്. ഇവർ നടത്തിയ വിമോചനലഹളയെത്തുടർന്ന് സർക്കാരിനെ പിരിച്ചുവിട്ടു. തുടർന്ന് 1960 ഫെബ്രുവരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ വിരുദ്ധമുന്നണിക്ക് ഭൂരിപക്ഷം കിട്ടിയെങ്കിലും കമ്യൂണിസ്റ്റ് പാർടി 1957ൽ 40 ശതമാനം വോട്ട് നേടിയ സ്ഥാനത്ത് 1960ൽ 44 ശതമാനം വോട്ട് നേടി. കേരളത്തിലെ ജനങ്ങൾ ഇ എം എസ് സർക്കാരിന് നൽകിയ അംഗീകാരത്തിന് തെളിവാണ് ഇത്. ഈ വിരുദ്ധമുന്നണിയാണ് പിൽക്കാല കേരളസമൂഹത്തിലെ വലതുപക്ഷ രാഷ്ട്രീയത്തിന്റെ കേന്ദ്രമായി പ്രവർത്തിച്ചത്.

### 1957 ഒരു ദാർശനിക സംഭാവന

ഒരു ബൂർഷ്വാ ജനാധിപത്യത്തിനുള്ളിൽ കമ്യൂണിസ്റ്റുകാർ എങ്ങനെ ഒരു പ്രവിശ്യാ സർക്കാർ രൂപീകരിക്കും എന്നതിലെ ഒരു ആദ്യ പരീക്ഷണമായിരുന്നു 1957. എന്നാൽ, ആദ്യ കേരളസർക്കാർ ഒരു പരീക്ഷണംമാത്രമല്ല, കമ്യൂണിസ്റ്റ് സിദ്ധാന്ത പ്രയോഗത്തിൽ ഒരു ദാർശനിക സംഭാവന കൂടെ ആയിരുന്നു. മൂന്നാംലോകത്തെ ഒരു മുതലാളിത്തരാജ്യത്ത്, തെരഞ്ഞെടുക്കപ്പെടുന്ന കമ്യൂണിസ്റ്റ് സർക്കാരുകൾക്ക് എങ്ങനെ പ്രവർത്തിക്കാം എന്നത് സംബന്ധിച്ച ഒരു പ്രത്യയശാസ്ത്ര സംഭാവന കൂടെ ഇതിലുണ്ട്. കേരളത്തിലെ കമ്യൂണിസ്റ്റുകാർ ചെയ്ത ദാർശനികസംഭാവന എന്തെന്നു ചോദിക്കുന്ന വിമർശകർ ഇത് കാണുന്നില്ല. സോവിയറ്റ് യൂണിയനും ചൈനയ്ക്കും ഒപ്പമുള്ള ഒരു സോഷ്യലിസ്റ്റ് പരീക്ഷണമാണ് കേരളം എന്നുപറയാൻ കഴിയുകയില്ല. എങ്കിലും സോഷ്യലിസത്തിലേക്ക് മുന്നോട്ടുള്ള ഇന്ത്യൻമാർഗമായ ജനകീയ ജനാധിപത്യ മുന്നണി വളർത്തിയെടുക്കുന്നതിൽ ഇത്തരം പരീക്ഷണങ്ങൾക്കുള്ള പങ്കിന്റെ പ്രാധാന്യം നമ്മൾ വേണ്ടത്ര തിരിച്ചറിഞ്ഞിട്ടില്ല. ഈ സംഭാവനയെക്കുറിച്ച് സൈദ്ധാന്തികമായും പ്രായോഗികമായും ഇനിയും നിരവധി അന്വേഷണങ്ങൾ നടത്തേണ്ടതുണ്ട്. എങ്കിലും കേരളത്തിലെ കമ്യൂണിസ്റ്റുകാരുടെ പ്രവർത്തനങ്ങൾ നാളത്തെ ജനാധിപത്യ, സോഷ്യലിസ്റ്റ് പ്രയോഗങ്ങൾക്ക് അവഗണിക്കാനാകാത്ത ഒരു ചരിത്രമാണ്. തെരഞ്ഞെടുപ്പുകളിലൂടെ വന്ന ലത്തീൻ അമേരിക്കയിലെയും മറ്റും സർക്കാരുകൾക്ക് ഒരു മുൻഗാമി ആയിരുന്നു 1957ലെ കേരള സർക്കാർ. സോഷ്യലിസത്തിന്റെ സോവിയറ്റ് പരീക്ഷണം നേരിട്ട വെല്ലുവിളിക്കുശേഷം കേരളമാതൃകയുടെ ദാർശനിക പ്രാധാന്യം വർധിക്കുകയാണുണ്ടായത്. കാർഷികബന്ധത്തിലൂന്നിയ ഇന്ത്യയിലെ ഫ്യൂഡൽവ്യവസ്ഥയെ എങ്ങനെ തകർക്കാം എന്നതിന് മറ്റ് സംസ്ഥാനങ്ങൾക്ക് ഒരു മാതൃകയും ഉണ്ടാക്കി. പിൽക്കാലത്ത് പശ്ചിമ ബംഗാളും ത്രിപുരയും ഈ സർക്കാരിൽനിന്ന് പാഠങ്ങൾ ഉൾക്കൊണ്ടു.

### 1957–2017 കേരളത്തിനും കമ്യൂണിസ്റ്റ് പാർടിക്കും മുന്നിലുള്ള വെല്ലുവിളികൾ

1957 അന്നത്തെ കേരളത്തെ ഫ്യൂഡലിസത്തിൽനിന്ന് മുന്നോട്ട് നയിക്കുന്നതിൽ നിർണായകമായ പങ്ക് വഹിച്ചു. പക്ഷേ, 1957ലെ സർക്കാരിനുശേഷം ലോകവും കേരളവും ഒരുപാട് മാറി. ശാസ്ത്ര- സാങ്കേതികരംഗത്തുണ്ടായ വളർച്ച ലോകമുതലാളിത്തത്തിന് പുതിയ പിടിവള്ളികൾ നൽകി. പുതിയൊരു വിവരവിപ്ലവത്തിന്റെ മുന്നിൽനിൽക്കുന്ന നമ്മൾ കൂടുതൽ ജനാധിപത്യപരവും ആധുനികവുമായ ഒരു കേരളത്തിനായുള്ള അജൻഡയുമായാണ് പ്രവർത്തിക്കേണ്ടത്. കൂടാതെ, കേരളത്തിന്റെ ആധുനീകരണത്തിനും ജനാധിപത്യവൽക്കരണത്തിനുമുള്ള 1957ലെ ലക്ഷ്യങ്ങൾതന്നെയും പാതി പൂർത്തീകരിച്ചവയാണിന്നും. ഭൂപരിഷ്കരണം നടന്നെങ്കിലും സമൂഹത്തിലെ ഏറ്റവും താഴെയുള്ള ദളിതരിലൊരുവിഭാഗം ഇന്നും ഭൂരഹിതരായി കഴിയുന്നു. ഭൂപരിഷ്കരണത്തെ തോൽപ്പിക്കാനായി വലതുപക്ഷശക്തികൾ നടത്തിയ താമസിപ്പിക്കൽതന്ത്രംമൂലമാണ് ഇതുണ്ടായത്. ഈ പ്രശ്നം അഭിമുഖീകരിക്കുക കേരളത്തിന്റെയും കമ്യൂണിസ്റ്റുകാരുടെയും മുന്നിലെ ഏറ്റവും വലിയ വെല്ലുവിളിയാണ്. നമ്മുടെ വിദ്യാഭ്യാസരംഗത്തുണ്ടായ വളർച്ച വലുതാണ്. പക്ഷേ, ഇടക്കാലത്തുണ്ടായ മുതലാളിത്തവൽക്കരണം കച്ചവട വിദ്യാഭ്യാസത്തെ കൂടുതൽ വളർത്തി. സാമൂഹ്യ ഉത്തരവാദിത്തമുള്ള ഒരു വിദ്യാഭ്യാസസമ്പ്രദായം ഉണ്ടാക്കാതെ കേരളം ഒരു പുരോഗമന സമൂഹമാകില്ല. കേരളത്തിലാണ് ഇന്ന് ഇന്ത്യയിലെ ഏറ്റവും മികച്ച അധികാരവികേന്ദ്രീകരണം നടന്നിട്ടുള്ളത്. ഇ എം എസ് സർക്കാരിന്റെ കാലത്ത് തുടങ്ങിയ ഈ ശ്രമം ജനകീയാസൂത്രണത്തോടെ പുതിയ ഒരു തലത്തിലെത്തി. സ്വാതന്ത്ര്യലബ്ധിയും കേരളസംസ്ഥാന രൂപീകരണവും കഴിഞ്ഞാൽ ഈ സംസ്ഥാനത്ത് നടന്ന ഏറ്റവും വലിയ വിപ്ലവകരമായ പ്രസ്ഥാനമാണ് ജനകീയാസൂത്രണമെന്ന് സ. ഇ എം എസ് പറഞ്ഞിട്ടുണ്ട്. എന്നാലും, 1957ൽ ലക്ഷ്യംവച്ച അധികാര വികേന്ദ്രീകരണം ഇനിയും അകലെയാണ്. ഇംഗ്ലണ്ടിലെയും മറ്റുംപോലെ പൊലീസുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലാകണമെന്നായിരുന്നു, അതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശക്തിപ്പെടണമെന്നായിരുന്നു ഇ എം എസിന്റെ കാഴ്ചപ്പാട്.

കേരളത്തിന്റെ ആധുനീകരണവും സാമ്പത്തികവളർച്ചയും പുതിയസാഹചര്യത്തിൽ എങ്ങനെയാകണം എന്നതിനുള്ള പദ്ധതികളുണ്ടാക്കാൻ കമ്യൂണിസ്റ്റുകാർക്കേ കഴിയൂ. കേവല സാമ്പത്തികവളർച്ച എന്നതിനുപരി സമഗ്ര സമൂഹ പുരോഗതി എന്ന ലക്ഷ്യം മുന്നിൽ വയ്ക്കേണ്ടിയിരിക്കുന്നു. അതിനുള്ള നടപടികളാണ് നമ്മുടെ ഒരു മുഖ്യചുമതല. ഈ പുരോഗതി പാരിസ്ഥിതിക സന്തുലനത്തോടെയേ ആകാവൂ എന്നതിൽ ഇന്ന് കമ്യൂണിസ്റ്റുകാർക്ക് സംശയമൊന്നും ഇല്ല.

സ്ത്രീകളുടെ തുല്യസ്ഥാനം എന്നത് ആധുനികകാലത്ത് ഉയർന്നുവന്ന ഒരു പ്രശ്നമാണ്. കേരളസമൂഹത്തെ അത്തരത്തിലുള്ള ഒരു തുല്യതയിലേക്ക് നയിക്കാനുള്ള കടമ കമ്യൂണിസ്റ്റുകാരുടേതാണ്. ജാതിമത സ്വത്വങ്ങളുടെ പേരിൽ സമൂഹത്തെ വിഘടിപ്പിക്കുന്നതിനെ ചെറുക്കേണ്ടതും കമ്യൂണിസ്റ്റുകാരാണ്.

1959ലെ വിരുദ്ധമുന്നണിയുടെ തുടർച്ചയായി ജാതിമത വർഗീയ ശക്തികൾ ഇന്നും എല്ലാ ആദർശങ്ങളും വെടിഞ്ഞ് കമ്യൂണിസ്റ്റുകാർക്കെതിരെ നിൽക്കുന്നു. അതിൽ സംഘപരിവാറും മുസ്ലിം മതമൗലികവാദികളും തീവ്രവാദികളും കത്തോലിക്ക സഭയും കമ്യൂണിസ്റ്റ് വിരുദ്ധ ബുദ്ധിജീവികളുമെല്ലാം ഉണ്ട്. ഫാഷിസ്റ്റിക്കായ ഒരു പാർടി ഡൽഹിയിൽ അധികാരത്തിലിരിക്കുമ്പോൾ ഈ വിരുദ്ധമുന്നണിയെ നേരിടുന്നതിന് പുതിയ ആലോചനകൾ വേണം. ●